## തത്ത്വമസി
### സുകുമാർ അഴീക്കോട്



അനശ്വര മഹിമാവാർന്ന ഒരു തത്ത്വജ്ഞാനത്തിന്റെ നേരേ തന്റെ ഹൃദയം കാലത്തികവിൽ സമർപ്പിക്കുന്ന കൃതജ്ഞതയുടെയും കൃതാർത്ഥതയുടെയും ഉപഹാരമാണ് അഴീക്കോടിന്റെ തത്ത്വമസി. പാരാവാരസദൃശമായ വേദോപനിഷത്തുകളുടെ സാരസംഗ്രഹമാണ് ഈ കൃതി.

കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, വയലാർ അവാർഡ്, രാജാജി പുരസ്കാരം തുടങ്ങി 12 ബഹുമതികൾ ലഭിച്ച ഗ്രന്ഥം.

കവർ ഡിസൈൻ: ഷാഹുൽ അലിയാർ

ഡിസി ബുക്സ്

www.dcbooks.com

ISBN 81-264-0244-X

9 788126 402441 00021

തത്ത്വചിന്ത | E-book available | ₹ 325

സുകുമാർ അഴീക്കോട് • തത്ത്വമസി

DCB

# സുകുമാർ അഴീക്കോട്

294.592 SUK/T

*756*

# തത്ത്വമസി

കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, വയലാർ അവാർഡ്, രാജാജി പുരസ്കാരം തുടങ്ങി 12 ബഹുമതികൾ ലഭിച്ച ഗ്രന്ഥം.

DCB

ge Library TVK

294.592 SUK/T

*756*

LIBRARY

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 756 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

## സുകുമാർ അഴീക്കോട്

1926 മെയ് 12-ന് കണ്ണൂർ ജില്ലയിൽ അഴീക്കോട് ജനിച്ചു. സെന്റ് ആഗ്നസ് കോളജിൽ മലയാളം പ്രൊഫസറായിരുന്ന വിദ്വാൻ പനങ്കാവിൽ ദാമോദരൻ പിതാവ്. കോളോത്ത് തട്ടാരത്ത് മാധവിയമ്മ മാതാവ്. ചിറയ്ക്കൽ രാജാസ് ഹൈസ്കൂളിൽനിന്ന് എസ്.എസ്.എൽ.സി., കോട്ടയ്ക്കൽ ആയുർവേദ കോളജിൽ ഒരു വർഷത്തോളം വൈദ്യപഠനം, മദ്രാസ് യൂനിവേഴ്സിറ്റിയിൽനിന്ന് ബി.കോം, ബി.ടി., സംസ്കൃതത്തിലും മലയാളത്തിലും എം.എ., കേരള യൂനിവേഴ്സിറ്റിയിൽനിന്ന് പിഎച്ച്.ഡി. ചിറയ്ക്കൽ രാജാസ് ഹൈസ്കൂളിൽ അദ്ധ്യാപകൻ, മംഗലാപുരം സെന്റ് അലോഷ്യസ്, കോഴിക്കോട് സെന്റ് ജോസഫ്സ് കോളജുകളിൽ ലക്ചറർ, മൂത്തകുന്നം എസ്.എൻ.എം. ട്രെയിനിങ് കോളജിൽ പ്രിൻസിപ്പൽ, കാലിക്കറ്റ് യൂനിവേഴ്സിറ്റി മലയാളവിഭാഗം മേധാവി, പ്രോ-വൈസ് ചാൻസലർ, ആക്ടിങ് വൈസ് ചാൻസലർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചു. 'വർത്തമാനം' ദിനപത്രത്തിന്റെ മുഖ്യപത്രാധിപർ ആയിരുന്നു. *തത്ത്വമസി* എന്ന കൃതിക്ക് കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകളുൾപ്പെടെ പന്ത്രണ്ട് അവാർഡുകൾ. വിവിധ ഭാഷകളിലേക്ക് തർജ്ജമ ചെയ്യപ്പെട്ടവ ഉൾപ്പെടെ മുപ്പത്തഞ്ചിലേറെ കൃതികൾ. 2012 ജനുവരി 24-ന് അന്തരിച്ചു.

### സുകുമാർ അഴീക്കോടിന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

ഭാവന എന്ന വിസ്മയം
നവയാത്രകൾ
മലയാള സാഹിത്യവിമർശനം
ഖണ്ഡനവും മണ്ഡനവും
മലയാള സാഹിത്യപഠനങ്ങൾ
വിശ്വസാഹിത്യപഠനങ്ങൾ
തത്ത്വവും മനുഷ്യനും
ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു
ഭാരതീയത
അഴീക്കോടിന്റെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ
മഹാത്മാവിന്റെ മാർഗ്ഗം
രമണനും മലയാളകവിതയും
തത്ത്വമസി
അഴീക്കോടിന്റെ ആത്മകഥ
അഴീക്കോടിന്റെ ആത്മകഥ (രണ്ട്)
അഴീക്കോടിന്റെ വിമർശനത്രയം
അരങ്ങുകളിലൂടെ അഴീക്കോട്

സുകുമാർ അഴീക്കോട്

# തത്ത്വമസി

(കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, രാജാജി അവാർഡ് തുടങ്ങി 12 പുരസ്കാരങ്ങൾ നേടിയ കൃതി)

ഡി സി ബുക്സ്

MALAYALAM LANGUAGE
Tatvamasi

PHILOSOPHY/EASTERN PHILOSOPHY
*by* Dr. Sukumar Azheekode

Rights Reserved
First Published May 1984
First DCB Edition December 2000
This edition – February 2017

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books
INDIA

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Sukumar Azheekode.
Tatvamasi/ Sukumar Azheekode.
352p., 21cm.
ISBN 81-264-0244-X.
1. Upanishad. 2. Study. I. Title.
294.592 180 9-dc22.

No part of this publication may be reproduced, or transmitted in any form
or by any means, without prior written permission of the publisher.

ISBN 81-264-0244-X

Printed in India
at D C Press, Kottayam, INDIA.

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 325.00

1067/16-17-Sl.No. 16320-dcb 2302-(21) 3000-7746-02-17-Itc 17.0-p as-r(t) sh-d(t) hm

# പ്രസാധകക്കുറിപ്പ്

യൂറോപ്യൻ അധിനിവേശത്തിനുശേഷം ഭാരതീയ തത്ത്വചിന്ത കാലഹരണപ്പെട്ടതും അന്ധവിശ്വാസജടിലവുമാണെന്ന തോന്നൽ മറ്റെല്ലായിടത്തുമെന്നപോലെ മലയാളിമനസ്സിലും രൂഢമൂലമായി. ഈ തോന്നലിനെ മാറ്റിയെടുക്കാനും മലയാളിയുടെ ബോധമണ്ഡലത്തിലേക്ക് ഭാരതീയ തത്ത്വചിന്തയുടെ സൂക്ഷ്മാംശങ്ങളെ പുനരാനയിക്കാനും സുകുമാർ അഴീക്കോടിന്റെ 'തത്ത്വമസി'ക്കു കഴിഞ്ഞു. മറ്റൊരു തത്ത്വചിന്താപഠനത്തിനും ലഭിക്കാത്ത അഭൂതപൂർവ്വമായ സ്വീകരണമാണ് ഈ കൃതിക്കു ലഭിച്ചത്. കഴിഞ്ഞ കുറെ വർഷങ്ങളായി അത് നിരന്തരം വായിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. 2009-ൽ 'തത്ത്വമസി'യുടെ ഇരുപത്തഞ്ചാം വർഷം പ്രമാണിച്ച് ഡി സി ബുക്സ് കണ്ണാടി പിടിപ്പിച്ച പുറംചട്ടയോടെ ഒരു പ്രത്യേക പതിപ്പ് പ്രസിദ്ധീകരിച്ചു. മലയാളിയുടെ ആത്മാന്വേഷണത്തിന്റെയും തിരിച്ചറിവിന്റെയും ഗ്രന്ഥമായ തത്ത്വമസിയുടെ പുതിയ പതിപ്പാണിത്. മലയാളിയുടെ ബോധമണ്ഡലത്തെ നിത്യവും നവീകരിച്ചുകൊണ്ടിരുന്ന ആ മഹദ്സാന്നിധ്യം ഇന്ന് ഓർമ്മയായെങ്കിലും ജീവിതപ്രചോദകങ്ങളിലൊന്നായി മലയാളികൾ ഇനിയും ഈ കൃതി തിരഞ്ഞെടുക്കുമെന്ന വിശ്വാസത്തോടെ.

കോട്ടയം
ഫെബ്രുവരി 15, 2017

രവി ഡി സി

'തത്ത്വമസി'യുടെ ഇംഗ്ലീഷ് പരിഭാഷ പ്രസിദ്ധീകരണത്തിനായി ട്രസ്റ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്. മൈക്കിൾ പുത്തൻതറ തയ്യാറാക്കിയ ഇംഗ്ലീഷ് പരിഭാഷയുടെ ഇ-ബുക്ക് ഇപ്പോൾതന്നെ പുറത്തിറങ്ങിയിട്ടുണ്ട്. 'തത്ത്വമസി'യുടെ ഇംഗ്ലീഷ് പതിപ്പും വൈകാതെ പ്രകാശിപ്പിക്കുന്നതാണ്.

ജസ്റ്റിസ് കെ.ടി. തോമസ്
ചെയർമാൻ

ഡോ. പോൾ മണലിൽ
സെക്രട്ടറി
സുകുമാർ അഴീക്കോട് ട്രസ്റ്റ്

കോട്ടയം
25-10-2013



## ഉള്ളടക്കം

'അവതു വക്താരം' .......... 13

ഭാഗം 1 – ഉപനിഷത്ത്

ആത്മാവിന്റെ ഹിമാലയം .......... 23
എന്താണ് ഉപനിഷത്ത്? .......... 26
വേദവും ബ്രാഹ്മണങ്ങളും .......... 37
ആരണ്യകങ്ങൾ .......... 55
ഉപനിഷത്ത്—ചില വസ്തുതകൾ .......... 59
ഉപനിഷത്തിന്റെ സന്ദേശം .......... 76

ഭാഗം 2 – ഉപനിഷത്തുകൾ

ഈശം .......... 171
കേനം .......... 194
കഠം .......... 206
പ്രശ്നം .......... 222
മുണ്ഡകം .......... 230
മാണ്ഡൂക്യം .......... 239
തൈത്തിരീയം .......... 249
ഐതരേയം .......... 260
ഛാന്ദോഗ്യം .......... 269
ബൃഹദാരണ്യകം .......... 282

ഭാഗം 3 – ഉപസംഹാരം
വിശ്വദൃഷ്ടിയിൽ ........ 301
നാളെയുടെ മുമ്പിൽ ........ 325

പദസൂചി ........ 339
ഗ്രന്ഥസൂചി ........ 345



# 'അവതു വക്താരം'

ജീവിതത്തിൽ പല സംഭവങ്ങളും നമ്മെ വിഡ്ഢികളാക്കി കടന്നുകളയുന്നു. ഇതു മനസ്സിലാക്കലാണല്ലോ വിവേകത്തിന്റെ ആരംഭം. ഈ പുസ്തകം എഴുതാൻ തുടങ്ങുമ്പോൾ അത്തരമൊരു വിവേകപര്യവസായിയായ സംഭവം ഓർത്തുപോയി. പണ്ടത്തെ ഹൈസ്കൂളിലെ ഫോർത്തുഫോമിൽ ഒരു നാടൻ സ്കൂളിൽനിന്ന് ജയിച്ചെത്തിയ എന്നെ സംസ്കൃതം എടുത്തു പഠിക്കാൻ അച്ഛൻ നിർബന്ധിച്ചപ്പോൾ, തുടങ്ങുംമുമ്പെ തോറ്റുപോയ ഒരു പ്രതിഷേധസമരം അച്ഛന്റെ തീരുമാനത്തിന്നെതിരെ നടത്താൻ മുതിർന്നവനാണ് ഞാൻ. വാത്സല്യംകൊണ്ട് മക്കൾക്കു വഴങ്ങിക്കൊടുക്കുന്ന സ്വഭാവക്കാരനായിരുന്നു അച്ഛനെങ്കിൽ അദ്ധ്യാപനത്തിലും സാഹിത്യവിമർശത്തിലും പ്രഭാഷണത്തിലും മറ്റും പിന്നീടു പരന്നുപോയ എന്റെ ജീവിതത്തിലെ വമ്പിച്ചൊരു നഷ്ടത്തിന്ന് അന്നു തുടക്കംകുറിച്ചുപോയേനേ! അന്നത്തെ ബാലവിഭ്രമം പിതാവിന്റെ ആജ്ഞാശക്തിമൂലം എന്റെ ഭാവിയെ ബാധിക്കാതെപോയതിനാൽ ഞാൻ രക്ഷപ്പെടുകയുണ്ടായി. ഞാനിന്ന് ജീവിച്ചെത്തിച്ചേർന്നിരിക്കുന്ന ലോകമാകട്ടെ, ഇത്തരം ബാലചാപല്യങ്ങൾ ആകണം വിദ്യാർത്ഥികളുടെ തീരുമാനങ്ങളെ നിയന്ത്രിക്കുന്നതെന്ന സിദ്ധാന്തം ഏറക്കുറെ അംഗീകരിച്ചുകഴിഞ്ഞിരിക്കുന്നു. ഇത്രമാത്രം മാറിപ്പോയ ഈ പുതിയ പ്രപഞ്ചത്തിൽ എനിക്കു വിദ്യാർത്ഥിയായിക്കഴിയേണ്ടിവന്നില്ലല്ലോ എന്നോർക്കുമ്പോൾ തോന്നുന്ന ആശ്വാസം ഞാൻ ഇപ്പോൾ ഓമനിച്ചുപോരുന്ന ഒരു സ്വാർത്ഥവികാരമാണ്. കാലം മറ്റൊരുതരത്തിൽ ആയിരുന്നതുകൊണ്ടാണ് അന്ന് എന്റെ തീരുമാനത്തിൽനിന്ന് എന്നെ രക്ഷിക്കാൻ അച്ഛന്ന് കഴിഞ്ഞത്. അങ്ങനെ ഞാൻ അല്പം സംസ്കൃതം പഠിച്ചു. ഇന്ന് അപ്രകാരം വിവേകരഹിതമായ ഒരു തീരുമാനത്തിൽനിന്ന് സ്വന്തം മകനെ ആജ്ഞാശക്തിമൂലം രക്ഷിക്കാൻ പോരുന്ന എത്ര പിതാക്കളുണ്ട് എന്ന് ഞാൻ ആലോചിച്ചുപോകുന്നു. അച്ഛനല്ലാത്ത ഒരുവന്റെ ഭാവനാപരമായ ധാരാളിത്തം പൊറുക്കുക!

'തത്ത്വമസി' എന്ന ഗ്രന്ഥമെഴുതി നടുനിവർക്കുന്ന ഈ നിമിഷത്തിൽ, സംസ്കൃതം പഠിച്ചുവെന്നുള്ള ആശ്വാസമോ അഹങ്കാരമോ ഒന്നുമല്ല എനിക്ക് അനുഭവപ്പെടുന്നത്, അതിവിനീതമായ കൃതാർത്ഥതയാണ്. സംസ്കൃതം പഠിക്കുന്നതിന്ന് നിയതി എനിക്ക് എങ്ങനെയോ ഒരവസരം ഉണ്ടാക്കിത്തന്നത് എന്റെ സാഹിത്യപരിജ്ഞാനം വളർത്തുന്നതിന്നാ